# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3186 — 21.08.2017 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമവകുപ്പ് വിധവകൾക്കായി നൽകുന്ന ഭവന ധനസഹായത്തിനുള്ള മാനദണ്ഡങ്ങളിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമെ സെലക്ഷൻ കമ്മിറ്റി ചെയർമാൻ നടത്തുന്ന അഭിമുഖം/പരിശോധനയ്ക്ക് 20 മാർക്ക് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | ഭവന ധനസഹായത്തിനുള്ള ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ മാർക്ക് ആകെ മാർക്കിന്റെ 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | | |
| (സി) | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വിശദമാക്കാമോ | (സി) | കഴിഞ്ഞ അഞ്ച് സാമ്പത്തികവർഷങ്ങളിൽ വകുപ്പിന് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു. |

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2012-13 | 8449.97 | 8449.97 | 211.37 |
| 2013-14 | 10300 | 4817.51 | 4814.95 |
| 2014-15 | 13000 | 2563.95 | 2547.93 |
| 2015-16 | 9200 | 9200 | 8829.13 |
| 2016-17 | 10733.74 | 10733.74 | 9459.14 |

| | | | |
|---|---|---|---|
| (ഡി) | നടപ്പ് സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമവകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള |

സ്കോളർഷിപ്പ്

2. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി
3. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി/ ഭവനപുനരുദ്ധാരണ പദ്ധതി
4. ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
5. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം
6. എസ്.എസ്.എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാന ന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ്
10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12.എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13.വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ,

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP) |

സെക്ഷൻ ഓഫീസർ